**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം - നെടുമങ്ങാട് മുനിസിപ്പാലിറ്റി — നെടുമങ്ങാട് താലൂക്കിലെ പഴയ സർവ്വെ നമ്പർ 2422/3/3-ൽ ഉൾപ്പെട്ട അനധികൃത നിർമ്മാണം - കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 – ക്രമവൽക്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(സാധാ)നം. 1653/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 19.05.2017

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. 14.02.2014 ലെ സ.ഉ.(എം.എസ്)നമ്പർ 39/2014/തസ്വഭവ.
2. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 പ്രകാരം ശ്രീമതി.ഷബീന സമർപ്പിച്ച അപേക്ഷ.
3. മുഖ്യനഗരാസൂത്രകന്റെ 23.02.2017 ലെ ഡി3/1974/2016/കെഡിസ് നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ പഴയ സർവ്വെ നമ്പർ 2422/3/3-ൽ ഉൾപ്പെട്ട 2.15 ആർ വസ്തുവിൽ മൂന്ന് നിലകളിലായി 346.31 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ നിർമ്മാണം പൂർത്തിയാക്കിയ വാണിജ്യ കെട്ടിടം ക്രമവൽക്കരിക്കാൻ ശ്രീമതി.ഷബീന സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ലെ ചട്ടം 5(6) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സർക്കാർ ഈ അപേക്ഷ പരിശോധിച്ചു. നിർദ്ദിഷ്ട നിർമ്മാണം അനധികൃത നിർമ്മാണം ക്രമവത്ക്കരണ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതിനാൽ 6,86,750/-രൂപ (ആറു ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) ക്രമവൽക്കരണത്തിനുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി താഴെ രേഖപ്പെടുത്തിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് നെടുമങ്ങാട് മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. Disable persons-നുള്ള സൗകര്യങ്ങൾ നൽകിയിരിക്കണം.
ii. Fire NOC ലഭ്യമാക്കേണ്ടതാണ്.
iii. പുറമ്പോക്ക് ഭൂമി കൈയ്യേറി അനധികൃത നിർമ്മാണം നടത്തിയിട്ടില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പാക്കേണ്ടതും കൈയ്യേറിയിട്ടുണ്ടെങ്കിൽ ടി കെട്ടിട ഭാഗം പൊളിച്ച് മാറ്റേണ്ടതുമാണ്.
iv. കെട്ടിടത്തിന്റെ ഒരുവശം അതിരിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്നതിനാൽ ആ വശത്തെ സ്ഥലമുടമയുടെ അനുമതി വാങ്ങേണ്ടതാണ്.

3. കെട്ടിടത്തിന്റെ കോമ്പൗണ്ടിംഗ് ഫീസായി 6,86,750/-രൂപ (ആറു ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) "0217 Urban Development - 60 other Urban Development Schemes - 800 other receipts - 91 Compounding fee for regularisation of unauthorised construction violating provisions of building rules" എന്ന ശീർഷകത്തിൽ സർക്കാർ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. മേൽ പരാമർശിച്ച തുക ഈ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം ശ്രീമതി.ഷബീന സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ നെടുമങ്ങാട് മുൻസിപ്പൽ സെക്രട്ടറി മുമ്പാകെ ഹാജരാക്കേണ്ടതും, കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം, 2014 ൽ അനുശാസിക്കുന്ന പ്രകാരം നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ നെടുമങ്ങാട് മുൻസിപ്പൽ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**ഹേമപ്രഭ.ഡി**
**ജോയിന്റ് സെക്രട്ടറി**

1. ശ്രീമതി.ഷബീന, എൻ.എം.സി. 26/222, മുളവൻകോട് ഹൗസ്, നെടുമങ്ങാട്.
2. സെക്രട്ടറി, നെടുമങ്ങാട് മുനിസിപ്പാലിറ്റി.
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
5. ടൗൺ പ്ലാനർ, തിരുവനന്തപുരം
6. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.